## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **31-08-2022 - ൽ മറുപടിയ്ക്ക്**

## കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന ചിലയിനം പഴം പച്ചക്കറികൾക്കും നാളികേരത്തിനുമാണ് പ്രധാനമായും സംസ്ഥാനത്ത് വിലയിടിവ് സംഭവിക്കുന്നത്. കൂടാതെ റബ്ബറിനും, ഏലത്തിനും, കുരുമുളകിനും വിലയിടിവ് സംഭവിക്കാറുണ്ട്. |
| (ബി) | അവയിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നത് ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശോധിച്ചിട്ടില്ല. |
| (സി) | കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു.<br><br>പദ്ധതി പ്രകാരം കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്.കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കും. അതിൻപ്രകാരം കാർഷിക ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക്, തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) യും, 300 വിപണികൾ കൃഷി വകുപ്പിന്റെതുമാണ് കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താ ക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.<br><br>പദ്ധതിപ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു. കൂടാതെ സംസ്ഥാനത്ത് നാളികേരത്തിന്റെ വില സംഭരണ വിലയേക്കാൾ കുറഞ്ഞ ജില്ലകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടന്നു വരുന്നത്. സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചതേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയാണ് പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ അതാത് വർഷത്തിലേക്കായി പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയോടൊപ്പം സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസായി അനുവദിക്കുന്ന അധിക തുക കൂടി നൽകിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചുവരുന്നത്. സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. |

സെക്ഷൻ ഓഫീസർ